146 (290) നിക്ഷേപ സമാഹരണം

ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ ഈവർഷം നടത്തിയിട്ടുള്ള നിക്ഷേപ സമാഹരണത്തിൽ സംസ്ഥാനത്താകെ പിരിഞ്ഞുകിട്ടിയ തുക എത്രയെന്ന് വെളിപ്പെടുത്താമോ;

(ബി) കഴിഞ്ഞവർഷത്തേക്കാൾ എന്തു തുക കൂടുതലായി പിരിക്കാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 725.57 കോടി രൂപ അധികനിക്ഷേപം സമാഹരിച്ചിട്ടുണ്ട്.

(ബി) കഴിഞ്ഞവർഷത്തേക്കാൾ 127.84 കോടി രൂപ കൂടുതലായി സമാഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

147 (291) സഹകരണ വകുപ്പിലെ ഒഴിവു നികത്തൽ

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണവകുപ്പിൽ നിലവിലുള്ള ആഡിറ്റർ/ഇൻസ്പെക്ടർ ഒഴിവു നികത്താൻ പി.എസ്.സി. ലിസ്റ്റു തയ്യാറാക്കിയിട്ടുണ്ടോ;

(ബി) പി.എസ്.സി. പരീക്ഷ കഴിഞ്ഞിട്ടും ലിസ്റ്റു തയ്യാറാവാതിരിക്കാൻ എന്തെങ്കിലും കാരണമുണ്ടോ;

(സി) നേരത്തെ നടത്തിയ പരീക്ഷയുടെ അടിസ്ഥാനത്തിൽ ലിസ്റ്റു തയ്യാറാക്കാൻ നടപടിയെടുക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)(ബി)&(സി) സഹകരണ വകുപ്പിൽ നിലവിലുള്ള ഇൻസ്പെക്ടർ/ഓഡിറ്റർ ഒഴിവ് നികത്താൻ പി.എസ്.സി. റാങ്ക് ലിസ്റ്റ് ഇപ്പോൾ നിലവിലില്ല. ഒഴിവ് നികത്താൻ ആവശ്യമായ റാങ്ക് ലിസ്റ്റ് തയ്യാറാക്കാൻ പി.എസ്.സി. യോട് ആവശ്യപ്പെട്ടിട്ടുണ്ട്.

148 (292) സഹകരണ വകുപ്പിലെ നിയമനങ്ങൾ

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിലെ നിയമനങ്ങൾ പി.എസ്.സി.ക്ക് കൈമാറുന്നതിനുള്ള ഗവൺമെന്റ് തീരുമാനം പ്രാവർത്തികമാക്കാനുള്ള നടപടിയുടെ പുരോഗതി വിശദമാക്കുമോ;

(ബി) ഇതുസംബന്ധിച്ച നിലവിലുള്ള സംവരണതത്വം പാലിക്കുവാൻ പി.എസ്.സി.ക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഡി) ഇല്ലെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സഹകരണ വകുപ്പിലെ നിയമനങ്ങളെല്ലാം പി.എസ്.സി. മുഖേനയാണ് നടത്തിവരുന്നത്.

(ബി)(സി)&(ഡി) ഉദിക്കുന്നില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

II. അടിയന്തിരപ്രമേയം

കാസർഗോഡ് ജില്ലയിൽ 'മാനി' എന്നു വിളിക്കുന്ന മാത്യുവിന്റെ കൊലപാതകം

മി. സ്പീക്കർ : ഓർഡർ, ഓർഡർ...

20.6.1999-ന് രാത്രി കാസർഗോഡ് ജില്ലയിലെ അയ്യങ്കാവ് പ്രദേശത്ത് 'മാനി' എന്നു വിളിക്കുന്ന മാത്യു കൊലചെയ്യപ്പെട്ടതിനെത്തുടർന്ന് പ്രസ്തുത പ്രദേശത്ത് നിലനിൽക്കുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തെക്കുറിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ചചെയ്യണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ കെ. സുധാകരൻ, ചെർക്കളം അബ്ദുള്ള, മാമ്മൻ മത്തായി, ജോണി നെല്ലൂർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ചട്ടം 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, കാസർഗോഡ് ജില്ലയിൽ അരക്കുകാട് ഗ്രാമത്തിൽ 'മാനി' എന്നു വിളിക്കപ്പെടുന്ന മാത്യു എന്ന ആൾ 20.6.1999-ന് രാത്രി 7.45 മണിയോടെ പരിക്കുപറ്റി റോഡരികിൽ കിടക്കുന്നതായി രാജപുരം പോലീസ് സ്റ്റേഷനിൽ വിവരം ലഭിച്ചു. പോലീസ് ഉടനെതന്നെ സ്ഥലത്തെത്തി പരിക്കുപറ്റി അബോധാവസ്ഥയിൽ കിടന്നിരുന്ന മാത്യുവിനെ കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ കൊണ്ടുപോയെങ്കിലും വഴിമദ്ധ്യേ മരണമടഞ്ഞു. ഇതുമായി ബന്ധപ്പെട്ട് രാജപുരം പോലീസ് സ്റ്റേഷനിൽ ക്രൈം 126/99-ാം നമ്പരായി ഐ.പി.സി. 302-ാം വകുപ്പ് അനുസരിച്ച് ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. വെള്ളിരിക്കുണ്ട് പോലീസ് സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ കേസ് അന്വേഷണം ഊർജ്ജിതമായി നടത്തിവരുന്നു. മാത്യുവിന്റെ കൊലപാതകത്തിന് ഉത്തരവാദികളെന്നു കരുതുന്ന ബിയാത്തു വീട്ടിൽ അബൂബേക്കറിനെ അറസ്റ്റു ചെയ്തിട്ടുണ്ട്. സംഭവത്തോടനുബന്ധിച്ച് ഒരു ജീപ്പ് പോലീസ് കസ്റ്റഡിയിലെടുത്തിട്ടുണ്ട്. മരണമടഞ്ഞ മാത്യു കല്ലാറിൽ തടിക്കച്ചവടം നടത്തിവരികയായിരുന്നു. മാത്യുവും അബൂബേക്കറും തമ്മിൽ ദീർഘകാലമായി വ്യക്തിപരമായ വിരോധത്തിലായിരുന്നു. ഇവർ തമ്മിൽ മുമ്പ് നടന്ന കൈയേറ്റങ്ങളെ സംബന്ധിച്ച് കേസുകൾ നിലവിലുണ്ട്. ആ കേസുകൾ കോടതിയിൽ വിചാരണയിലാണ്. മാത്യുവിന്റെ കൊലപാതകത്തിന് ഇവർ തമ്മിലുള്ള മുൻ വിരോധമാണ് കാരണം. കേസ് അന്വേഷണം ശക്തിപ്പെടുത്താൻ കാസർഗോഡ് ജില്ലാ പോലീസ് സൂപ്രണ്ടിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സ്ഥലത്തിപ്പോൾ യാതൊരുവിധ സംഘർഷാവസ്ഥയും നിലവിലില്ല. ജില്ലാ പോലീസ് സൂപ്രണ്ട് ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥന്മാർ സംഭവസ്ഥലം സന്ദർശിച്ച് കേസന്വേഷണം ത്വരിതപ്പെടുത്താൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ചചെയ്യേണ്ട യാതൊരു ആവശ്യവുമില്ല.

LIBRARY ARCHIVES Kerala Legislative Assembly